പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3415 18/02/2013-ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിൽ നിറവ് - നബാർഡ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് 'നിറവ് പദ്ധതി' നടപ്പിലാക്കുന്ന നിയോജക മണ്ഡലങ്ങൾ ഏതെല്ലാം ; ' നിറവ് പദ്ധതി' നടപ്പിലാക്കുന്ന മണ്ഡലങ്ങൾ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കാർഷിക ഉല്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; ഇനം തിരിച്ച് വിശദമാക്കുമോ; 'നിറവ് പദ്ധതി'യുടെ പുരോഗതി വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ 10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിലാണ് നിറവ് പദ്ധതി നടപ്പാക്കുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| | ജില്ല | നിയോജകമണ്ഡലം |
|---|---|---|
| 1. | കണ്ണൂർ | കൂത്തുപറമ്പ് |
| 2. | കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 3. | വയനാട് | കല്പറ്റ |
| 4. | മലപ്പുറം | കോട്ടയ്ക്കൽ |
| 5. | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6. | എറണാകുളം | പറവൂർ |
| 7. | ഇടുക്കി | തൊടുപുഴ |
| 8. | ആലപ്പുഴ | ചെങ്ങന്നൂർ |
| 9. | കൊല്ലം | പത്തനാപുരം |
| 10. | കോട്ടയം | പാലാ |

നിറവ് പദ്ധതി പ്രകാരം ആർ.കെ.വി.വൈ. ഫണ്ടുപയോഗിച്ച് ഓരോ നിയോജക മണ്ഡലത്തിലും 2 കോടി രൂപയിൽ കവിയാത്തതും, അതതു മണ്ഡലത്തിന്റെ കാർഷിക സാമ്പത്തിക വളർച്ചയ്ക്കുതകുന്നതുമായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യകൃഷി വികസനം, മണ്ണു സംരക്ഷണം,

| | | | |
|---|---|---|---|
| | | | പൗൾട്രി ഡെവലപ്പമെന്റ് പദ്ധതികൾ ആർ.കെ.വി.വൈ പദ്ധതി മാനദണ്ഡമനുസരിച്ച് കൃഷി അനുബന്ധ വകുപ്പുകളായ മൃഗസംരക്ഷണം, മണ്ണു സംരക്ഷണം, ഫിഷറീസ്, ക്ഷീര വികസനം, പൗൾട്രി ഡെവലപ്പമെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയവയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നത്. ഈ മണ്ഡലങ്ങളിൽ പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി കാർഷിക ഉല്പാദന മേഖലയിൽ ഉണ്ടായിട്ടുളള നേട്ടങ്ങൾ വിലയിരുത്താൻ സമയമായിട്ടില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിലാണ്. |
| ബി) | 'നിറവ് പദ്ധതി' മറ്റ് മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നതിന് സർക്കാർ ആലോചി ക്കുന്നുണ്ടോ ; ഈ ദിശയിലേക്ക് സർക്കാർ എടുക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; കൊയിലാണ്ടി മണ്ഡലത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ; | ബി) | വരും വർഷങ്ങളിൽ നിറവ് പദ്ധതി സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും വ്യാപിപ്പിക്കുന്നതിന് സർക്കാരിനു പരിപാടിയുണ്ട്. ഇതു സംബന്ധിച്ച് നടപടിക്രമങ്ങൾ ഇപ്പോൾ പൂർത്തി ആയിട്ടില്ല. കൊയിലാണ്ടി മണ്ഡലവും നിറവ് പദ്ധതിയിൽ ഉൾപ്പെടുന്നതിന് പരിഗണിക്കുന്നതാണ്. |
| സി) | 2 0 1 3 - 2 0 1 4 വർഷത്തേയ്ക്ക് നബാർഡ് സഹായത്തോടെ നടപ്പാക്കുന്നതിന് കൃഷി വകുപ്പ് സമർപ്പിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും മതിപ്പ് ചെലവ് എത്ര ; വിശദമാക്കുമോ ; ഈ പദ്ധതികളിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ; | സി) | 2013-2014 വർഷത്തേയ്ക്ക് കൃഷി വകുപ്പ് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. |
| ഡി) | 2012-2013 വർഷം നബാർഡ് സഹായത്താൽ കൃഷി വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; | ഡി) | നബാർഡ് സഹായത്തോടെ കൃഷി വകുപ്പ് 2012-2013 വർഷത്തിലേയ്ക്ക് സമർപ്പിച്ച പദ്ധതികൾക്കൊന്നും അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

| | |
|---|---|
| ഇതിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ ; കോഴിക്കോട് ജില്ലയിലെ നടപ്പിലുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ? | എന്നാൽ കോഴിക്കോട് ജില്ലയിൽ 2011-2012 ൽ അനുമതി ലഭിച്ച കൂത്താളി ജില്ലാ കൃഷി ത്തോട്ടത്തിലേയും പേരാമ്പ്ര വിത്തുല്പാദന കേന്ദ്രത്തിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലിനുള്ള 60 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾ ഈ വർഷം തുടർച്ചയായി നടപ്പിലാക്കി വരുന്നു. |

Inshama

**സെക്ഷൻ ഓഫീസർ**